മലയാള മനോരമ
18 January 2017

# ജലപരിഷ്കരണ നിയമം കൊണ്ടുവരും: മന്ത്രി തോമസ് ഐസക്

കൊച്ചി • മൽസ്യമേഖലയുടെയും മൽസ്യത്തൊഴിലാളികളുടെയും ഉന്നമനം ലക്ഷ്യമിട്ടു സമഗ്രമായ ജലപരിഷ്കരണ നിയമം കൊണ്ടുവരുമെന്നു മന്ത്രി തോമസ് ഐസക് പറഞ്ഞു

നിയമം തയാറാക്കുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രസമൂഹത്തിന്റെ സഹകരണം വേണമെന്ന് കേന്ദ്ര സമുദ്ര ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) വകുപ്പു മേധാവികളുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു.

സാങ്കേതിക വിദ്യകൾ, മൽസ്യബന്ധന രീതികൾ, മത്സ്യബന്ധന ഉപകരണങ്ങൾ, മൽസ്യത്തൊഴിലാളികളുടെ കടലവകാശം തുടങ്ങി വിവിധ മേഖലകളുമായി ബന്ധപ്പെട്ടു സിഎംഎഫ്ആർഐ കർമ പദ്ധതികൾ സമർപ്പിക്കുകയാണെങ്കിൽ ഗുണകരമാകും.

സമഗ്ര ജലപരിഷ്കരണ നിയമം സംസ്ഥാന സർക്കാരിന്റെ മുൻഗണനാ പട്ടികയിലുള്ളതാണ്. സമുദ്രസമ്പത്തു ഗണ്യമായി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സുസ്ഥിര പരിപാലന രീതികൾ നടപ്പാക്കണം.

കടൽ ജീവികളിൽ നിന്നുള്ള മൂല്യവർധിത ഉൽപാദനം കാര്യക്ഷമമാക്കണം.

അഷ്ടമുടിക്കായലിലെ കക്ക വർഗ്ഗങ്ങൾക്ക് രാജ്യാന്തര ഏജൻസിയായ മറൈൻ സ്റ്റീവാർഡ്ഷിപ്പ് കൗൺസിലിന്റെ (എംഎസ്സി) അംഗീകാര പത്രം ലഭ്യമാക്കിയതു പോലെ വേമ്പനാട് കായലിലെ കക്കയുടെ സുസ്ഥിര പരിപാലനത്തിലും ഗുണമേൻമയുള്ള ഉൽപാദനത്തിനും സിഎംഎഫ്ആർഐ മുൻകയ്യെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

സിഎംഎഫ്ആർഐ യുടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ ഡയറക്ടർ ഡോ. ഗോപാലകൃഷ്ണൻ വിശദീകരിച്ചു.

വകുപ്പു മേധാവികളായ ഡോ. ആർ. നാരായണകുമാർ, ഡോ. പി. വിജയഗോപാൽ, ഡോ. ടി. വി. സത്യാനന്ദൻ, ഡോ. കെ.കെ. ജോഷി, ഡോ. പി.യു. സക്കറിയ, ഡോ. വി. കൃപ, ഡോ. ഇമൽഡ ജോസഫ്, ഡോ. ബോബി ഇഗ്നേഷ്യസ് എന്നിവർ പങ്കെടുത്തു.